(ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. ടി വിഭാഗത്തിൽപ്പെട്ട എല്ലാ തൊഴിലാളികൾക്കും യൂണീക് ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൺ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി താമസ സ്ഥലങ്ങളിലാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ഷേമ പെൻഷൻ കുടിശ്ശിക

274 (963) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര തുക വീതമാണ് പെൻഷൻ നൽകുന്നതെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ ഉണ്ടായ പ്രതിമാസവർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ ;

(സി) ഏത് മാസം വരെയുള്ള പെൻഷൻ വിതരണം നടന്നിട്ടുണ്ടെന്നും ഓരോ ഇനത്തിലും എത്ര തുക കുടിശ്ശികയായി ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ, കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ, ഈറ്റ തഴ കാട്ടുവള്ളി ക്ഷേമനിധി പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ചുരുട്ട് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബീഡി തൊഴിലാളി ക്ഷേമനിധി പെൻഷൻ, അലക്ക് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബാർബർ തൊഴിലാളി ക്ഷേമനിധി പെൻഷൻ, അസംഘടിത തൊഴിലാളി ക്ഷേമനിധി പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ 300 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1252/2011/തൊഴിൽ തീയതി 22-8-2011 പ്രകാരം എല്ലാ പെൻഷനുകളും 300 രൂപയിൽനിന്നും 400 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1305/2013/തൊഴിൽ തീയതി 18-7-2013 പ്രകാരം 400 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1175/2014/ തൊഴിൽ തീയതി 25-8-2014 പ്രകാരം 500 രൂപയിൽനിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചു.

(സി) കർഷകത്തൊഴിലാളി പെൻഷൻ 2015 സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി ഏപ്രിൽ മുതൽ കുടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയാണ്. തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന മറ്റ് ക്ഷേമപെൻഷനുകൾ 2015 ജൂലൈവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള സമിതി

275 (964) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം നിർണ്ണയിക്കുന്നത് ഏത് സമിതിയാണ്; പ്രസ്തുത സമിതിയുടെ ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരൊക്കെയാണെന്ന് അറിയിക്കുമോ; സമിതിയുടെ യോഗം വിളിച്ച് ചേർക്കുന്നത് ആരാണെന്ന് അറിയിക്കുമോ;

(ബി) ഏറ്റവും ഒടുവിൽ തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചത് എന്നായിരുന്നുവെന്നും ഇതിന്റെ കാലാവധി അവസാനിച്ചത് ഏത് തീയതിയിലാണെന്നും അറിയിക്കുമോ;

(സി) 2014 ഡിസംബർ 31-ന് ശേഷം സേവന-വേതന വ്യവസ്ഥ പുതുക്കാൻ തൊഴിൽ വകുപ്പുമന്ത്രി എത്ര തവണ പി.എൽ.സി. വിളിച്ച് ചേർക്കുകയുണ്ടായി.; വ്യക്തമാക്കുമോ;

(ഡി) കാലാവധി അവസാനിച്ചതിനുശേഷം വേതന വ്യവസ്ഥ പുതുക്കി നിശ്ചയിക്കുന്നതിന് പി.എൽ.സി. യോഗം വിളിച്ച് ചേർക്കാൻ യൂണിയനുകൾ ആവശ്യപ്പെട്ടിട്ടും അതിനു കാലവിളംബം ഉണ്ടായത് എന്തുകൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly